/91278/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/740/2023-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 13-04-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി പുതിയ നിയമനം -കരാർ പുതുക്കൽ എന്നിവ -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ. (സാധാ) നം. 1440/2022/LBR , തീയതി : 08.12.2022

സൂചന സർക്കാർ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലെയും PSC യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ (സ്ഥിരം/കരാർ/താൽകാലികം) എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന നികത്തേണ്ടതും, സ്ഥിരം ഒഴിവുകളിലേയ്ക്ക് തെരഞ്ഞെടുത്തു നിയമിക്കുന്ന ഉദ്യോഗാർഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ അയച്ചു കൊടുത്തു സ്ഥിരീകരണം ലഭിച്ച ശേഷം മാത്രം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് കർശന നിർദേശം നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സൈക്കോസോഷ്യൽ സർവിസ് പദ്ധതിയുമായി ബന്ധപ്പെട്ട പുതിയതായി ഉണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുവാൻ നിർദേശിക്കുന്നു.

വകുപ്പിലെ സൈക്കോസോഷ്യൽ പദ്ധതിയ്ക്ക് കീഴിൽ നിലവിൽ 1012 പേർ കരാർ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചു വരുന്നുണ്ട്. സ്കൂൾ കൗൺസിലർമാരുടെ കരാർ മാർച്ച് 31 പ്രകാരം ഏകീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നടപ്പു വർഷം മാർച്ച് 31 ന് ഇവരുടെ നിലവിലെ കരാർ അവസാനിച്ചിട്ടുണ്ട്. നിലവിലുള്ള സ്കൂൾ കൗൺസിലർമാരിൽ ബന്ധപ്പെട്ട ജില്ല കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതും തുടർ സേവനത്തിനു അർഹരാണെന്നു കണ്ടെത്തിയവരുമായ കൗൺസിലർമാരുടെ കരാർ സർക്കാർതലത്തിലും വകുപ്പ് തലത്തിലും പുതുക്കി നൽകുന്നതാണ്.

- അതിനാൽ നിലവിൽ ശുപാർശ ചെയ്തിട്ടുള്ളവർ 2023 ഏപ്രിൽ 3 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനത്തിൽ തുടരാവുന്നതും, കരാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അതതു ജില്ലാ ഓഫീസറുമായി 2023 ഏപ്രിൽ 3 പ്രാബല്യത്തിൽ (സേവനത്തിൽ പ്രവേശിച്ച ദിവസം അടിസ്ഥാന പ്പെടുത്തി) കരാർ ഒപ്പുവയ്ക്കേണ്ടതുമാണ്.
- എന്നാൽ കഴിഞ്ഞ കരാറിൽ അധിക അവധി എടുത്തത് കാരണം കരാർ റദ്ദായവരെ നിലവിൽ പരിഗണിച്ചിട്ടില്ല. അവരുടെ കാര്യത്തിൽ സർക്കാർ തീരുമാനത്തിനനുസരിച്ച

തുടർ നടപടി സ്വീകരിക്കുന്നതാണ്.

- ദിവസ വേതനത്തിൽ തുടരുന്ന കാലയളവിൽ എടുക്കുന്ന അവധികൾ രേഖപ്പെടുത്തി വയ്ക്കേണ്ടതും, കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് അർഹതപ്പെട്ട അവധികളായി ക്രമീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 13-04-2023 12:52:34